(സി) സുപ്രീം കോടതിയുടെ 7-5-2014-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 142 അടിയിലേക്ക് ഉയർത്തുന്നതിന് തമിഴ്നാടിന് അനുവാദം ലഭിച്ചിട്ടുണ്ട്. ജലനിരപ്പ് 142 അടിയിലേക്ക് ഉയർത്തുന്ന കാര്യത്തിൽ മേൽനോട്ടം വഹിക്കുന്നതിനായി ഒരു മൂന്നംഗ മേൽനോട്ട സമിതിയെ നിയോഗിക്കാനും ബഹു. കോടതി ഉത്തരവായിരുന്നു. അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തുന്നതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കിടയിലുള്ള ആശങ്ക ദൂരീകരിക്കുന്നതിനുകൂടിയാണ് മേൽനോട്ട സമിതിയെ നിയോഗിച്ചിട്ടുള്ളത്.

കേരളത്തിലെ ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ അറിയിച്ചുകൊണ്ടും മേൽനോട്ട സമിതിയുടെ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ടുകൊണ്ടും കാര്യകാരണസഹിതം സംസ്ഥാന പ്രതിനിധിയും, കേരള സർക്കാരിനുവേണ്ടി ചീഫ് സെക്രട്ടറി പ്രത്യേകമായും കത്തുകളും നിവേദനവും നൽകിയെങ്കിലും, കേരളത്തിന്റെ ആവശ്യങ്ങളൊന്നും യഥാസമയം പരിഗണിക്കപ്പെട്ടില്ല. ഡാമിലെ ജലനിരപ്പ് 139.50 അടിയിലേക്ക് ഉയർന്നപ്പോൾ കേരളത്തിന്റെ ആശങ്കകൾ അറിയിച്ചും ഇക്കാര്യത്തിൽ അടിയന്തരമായി സ്വീകരിക്കേണ്ടുന്ന നടപടികൾ സംബന്ധിച്ച ക്രിയാത്മക നിർദ്ദേശങ്ങൾ അറിയിച്ചുകൊണ്ട് ബഹു. മുഖ്യമന്ത്രിയും തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്ത് നൽകിയിരുന്നു. ജലനിരപ്പ് 142 അടിയിലേക്ക് ഉയർത്തിയാൽ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ചും തമിഴ്നാടിന് നൽകിയ കത്തുകളിൽ വിശദീകരിച്ചിരുന്നു. എന്നാൽ കേരളത്തിന്റെ ആവശ്യങ്ങൾക്ക് ഒരു പരിഗണനയും നൽകാതെ, സുപ്രീംകോടതി വിധിയുടെ മാത്രം അടിസ്ഥാനത്തിൽ ജലനിരപ്പ് 142 അടിയായി ഉയർത്തുന്നതിനുള്ള നടപടികൾ തമിഴ്നാട് സ്വീകരിച്ചു. ഇതുമൂലം കേരളത്തിലെ ജനങ്ങൾക്കും പ്രത്യേകിച്ച് പെരിയാർ തീരദേശവാസികൾക്കും കടുത്ത ആശങ്കയും മാനസിക പ്രയാസവും നേരിടുകയുണ്ടായി. കൂടാതെ സംസ്ഥാനത്തെ വനസമ്പത്തിനും, വന്യജീവികൾക്കും, ജൈവവൈവിദ്ധ്യത്തിനും ഹാനി സംഭവിക്കുകയുമുണ്ടായി.

മാവോയിസ്റ്റ് ഭീഷണി നേരിടാൻ കർമ്മപദ്ധതി

10 (*10) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവോയിസ്റ്റ് ഭീഷണി നേരിടാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി പ്രത്യേക പോലീസ് സേന രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇക്കാര്യത്തിൽ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത ഭീഷണിയെ നേരിടാൻ ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) കണ്ണൂർ റേഞ്ച് ഡി.ഐ.ജി. തലവനായി കേരള ആന്റി ടെറർ സ്ക്വാഡ് എന്ന പോലീസ് സേന മാവോയിസ്റ്റ് ആക്രമണം ഉൾപ്പെടെയുള്ള തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിനായി രൂപീകരിച്ചിട്ടുണ്ട്. 223 Kerala anti Terror Squad സേനാംഗങ്ങളും 178 Thunderbolt Commando കളും ആന്റി നക്സൽ സേനാംഗങ്ങളായി പ്രവർത്തിച്ചുവരുന്നു. ആന്റി നക്സൽ സേനയിലേക്ക് വിന്യസിക്കേണ്ട പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്ത പോലീസ് ഉദ്യോഗസ്ഥർക്ക് ആന്ധ്രാപ്രദേശ് പോലീസിന്റെ കീഴിലുള്ള "ഗ്രേഹൗണ്ട്സിൽ" പരിശീലനം നൽകിയിട്ടുണ്ട്. ലോക്കൽ പോലീസ്, തണ്ടർ ബോൾട്ട്, ആന്റി നക്സൽ ഫോഴ്സ്, ഫോറസ്റ്റ് ഉദ്യോഗസ്ഥർ എന്നീ വിവിധ സേനാവിഭാഗങ്ങൾ ചേർന്ന് ശക്തമായി തിരച്ചിൽ നടത്തിയും, മാവോയിസ്റ്റുകളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചും, കോളനികൾ കേന്ദ്രീകരിച്ച് മാവോയിസ്റ്റുകളുടെ പ്രവർത്തനങ്ങൾ തടയുന്നതിനുവേണ്ടി ആദിവാസികളുടെ ഇടയിൽ ബോധവൽക്കരണം നടത്തിയും, പൊതുജനങ്ങൾക്കിടയിൽ മാവോയിസ്റ്റുകളെ തിരിച്ചറിയുന്നതിന് ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിച്ചും, ഭീഷണിയുള്ള സ്ഥലങ്ങളിലെ പോലീസ് സ്റ്റേഷനുകളിൽ പ്രത്യേക സുരക്ഷ ഏർപ്പെടുത്തിയും മുൻ കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കണ്ണൂർ റേഞ്ച് ഡി.ഐ.ജി. തലവനായി കേരള ആന്റി ടെറർ സ്ക്വാഡ് എന്ന പോലീസ് സേന മാവോയിസ്റ്റ് ആക്രമണം ഉൾപ്പെടെയുള്ള തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിനായി രൂപീകരിച്ചിട്ടുണ്ട്.

(സി) മാവോയിസ്റ്റ് ഭീഷണി നിലവിലുള്ള ജില്ലകളിൽ പോലീസ് സ്റ്റേഷൻ തലം മുതൽ ജില്ലാ പോലീസ് മേധാവി തലംവരെയുള്ള ഉദ്യോഗസ്ഥരെ ശരിയാംവണ്ണം തെരഞ്ഞെടുക്കുന്നതിലും ആവശ്യമായ പരിശീലനം നൽകുന്നതിലും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. പൊതുജനങ്ങളുടെ പിന്തുണയോടുകൂടി നിയമപരമായ രീതിയിൽ മാവോയിസ്റ്റ് ഭീഷണി നേരിടുവാൻ വേണ്ട നടപടികളാണ് മുഖ്യമായും

LIBRARY ARCHIVES Kerala Legislative Assembly

കൈകൊണ്ടുവരുന്നത്. ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ ഉപയോഗിക്കുവാൻ പ്രാപ്തിയുള്ള കമാൻഡോ സംവിധാനവും നിലവിൽ വന്നിട്ടുണ്ട്.

(ഡി) വനമേഖലകളിൽ ജനങ്ങളുടെ സഹകരണം ലഭ്യമാക്കുന്നതിന് വനജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

പോലീസ് കംപ്ലയിന്റ് അതോറിറ്റി

11 (*11) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. എം. ഉമ്മർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്നും, പോലീസിന്റെ പ്രവർത്തനത്തിന് ഉദ്ദേശിച്ച ഗുണപരമായ സംഭാവന നൽകാൻ പര്യാപ്തമല്ലെന്നുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ നിയമവ്യവസ്ഥയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ&ബി) കേരള പോലീസ് ആക്ടിന്റെ സെക്ഷൻ 110 പ്രകാരമാണ് പോലീസ് കംപ്ലയിന്റ് അതോറിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. ഇപ്രകാരം നിലവിൽ വന്ന ഈ അതോറിറ്റികളുടെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള സംവിധാനങ്ങൾ നിലവിലില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികളിൽ നിരവധി പരാതികൾ തീർപ്പാക്കാതെ കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയിലെ അംഗങ്ങളായ ജില്ലാ കളക്ടറുടെയും ജില്ലാപോലീസ് മേധാവിയുടേയും ഔദ്യോഗിക ജോലിഭാരം കണക്കിലെടുത്ത് ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി, രണ്ട് അംഗങ്ങളെക്കൂടി അധികമായി നിയമിക്കുന്നതിനായി കേരള പോലീസ് ആക്ട് 2011 ഭേദഗതി വരുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly